**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5029** **01-11-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട തഹസീൽദാർമാരുടെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ എത്ര തഹസീൽദാർ/ഡെപ്യൂട്ടി തഹസീൽദാർ ജോലി ചെയ്തുവരുന്നുവെന്ന് അറിയിക്കുമോ; | (എ) | റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസീൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 1295 ജീവനക്കാരും, തഹസീൽദാർ തസ്തികയിൽ 331 ജീവനക്കാരും, സീനിയർ സൂപ്രണ്ട് തസ്തികയിൽ 63 പേരും നിലവിൽ ജോലി ചെയ്തു വരുന്നു. |
| (ബി) | അൻപത് വയസ്സും പ്രൊബേഷനും പൂർത്തിയായ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഡെപ്യൂട്ടി തഹസീൽദാർമാർക്ക് താൽക്കാലികമായി പ്രൊമോഷൻ നല്കാൻ കെ.എസ്. & എസ്.എസ്.ആർ. റൂൾ 13(A)(1)(a) പാർട്ട് II -ൽ വ്യവസ്ഥയുള്ളപ്പോൾ ആയതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ; | (ബി) | ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിലുള്ള ജീവനക്കാർക്ക് കേരള റവന്യൂ സർവ്വീസ് (തഹസീൽദാർ) സ്പെഷ്യൽ റൂൾ 1980 ചട്ടം 6(എ) പ്രകാരം അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള നിയമ ബിരുദം അല്ലെങ്കിൽ ക്രിമിനൽ ജുഡിഷ്യറി ടെസ്റ്റ് പാസ്സായിരിക്കണം എന്നത് തഹസീൽദാർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള നിർബന്ധിത യോഗ്യതയാണ്. 1958 ലെ കെ.എസ്.&എസ്.എസ്.ആർ റൂൾ 13(A) (1) (a) പ്രകാരം ഒരു സർവ്വീസിലെ സ്പെഷ്യൽ റൂൾസ് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പാസ്സാകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നിടത്ത്, അങ്ങനെയുള്ള ടെസ്റ്റ് പാസ്സായിട്ടില്ലാത്ത, എന്നാൽ അങ്ങനെയുള്ള തസ്തികയിലേയ്ക്കോ മറ്റ് പ്രകാരത്തിൽ നിയമനത്തിനുവേണ്ടി യോഗ്യതയുള്ളതും അനുയോജ്യനുമായ പട്ടികജാതികളിൽ അല്ലെങ്കിൽ പട്ടികവർഗ്ഗങ്ങളിൽ ഏതിലെങ്കിലും പെടുന്ന സർവ്വീസിലെ ഒരംഗത്തിന് അതിൽ താൽക്കാലിക നിയമനം നല്കാവുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനിവാര്യമായ യോഗ്യതയിൽ ഇളവ് അനുവദിച്ച് സ്ഥാനക്കയറ്റം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. |
| (സി) | പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിലുള്ള ജീവനക്കാർക്ക് കേരള റവന്യൂ സർവ്വീസ് (തഹസീൽദാർ) സ്പെഷ്യൽ റൂൾ 1980 ചട്ടം 6(എ) പ്രകാരം അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള നിയമ ബിരുദം അല്ലെങ്കിൽ ക്രിമിനൽ ജുഡിഷ്യറി |

| | | | |
|---|---|---|---|
| | | | ടെസ്റ്റ് പാസ്സായിരിക്കണം എന്നത് തഹസീൽദാർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള നിർബന്ധിത യോഗ്യതയാണ്. 1958 ലെ കെ.എസ്.&എസ്.എസ്.ആർ റൂൾ 13(A) (1) (a) പ്രകാരം ഒരു സർവ്വീസിലെ സ്പെഷ്യൽ റൂൾസ് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പാസ്സാകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നിടത്ത്, അങ്ങനെയുള്ള ടെസ്റ്റ് പാസ്സായിട്ടില്ലാത്ത, എന്നാൽ അങ്ങനെയുള്ള തസ്തികയിലേയ്ക്കോ മറ്റ് പ്രകാരത്തിൽ നിയമനത്തിനുവേണ്ടി യോഗ്യതയുള്ളതും അനുയോജ്യനുമായ പട്ടികജാതികളിൽ അല്ലെങ്കിൽ പട്ടികവർഗ്ഗങ്ങളിൽ ഏതിലെങ്കിലും പെടുന്ന സർവ്വീസിലെ ഒരംഗത്തിന് അതിൽ താൽക്കാലിക നിയമനം നല്കാവുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനിവാര്യമായ യോഗ്യതയിൽ ഇളവ് അനുവദിച്ച് സ്ഥാനക്കയറ്റം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. |
| (ഡി) | പട്ടികജാതിക്കാരായ ഉദ്യോഗസ്ഥർക്ക് ഇളവ് നൽകി പ്രൊമോഷനിൽ ആനുപാതിക പ്രാതിനിധ്യം പൂർത്തീകരിച്ച് ഭരണഘടനാപരമായ നീതി ഉറപ്പുവരുത്താൻ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന അവസരങ്ങളിൽ ആനുപാതിക പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുകയാണ് ചെയ്യുന്നത്. നിലവിൽ റവന്യൂ വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന 6 തഹസീൽദാർമാരുടെ കുറവുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനായി 6 തസ്തികകൾ സംവരണം ചെയ്ത് 20/07/2021 തീയതിയിൽ ജി.ഒ.(എം.എസ്) 131/21/ആർ.ഡി നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ